**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **08-02-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2007ലാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരുന്നത്. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച് സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകളാണ് നിലവിൽ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നത്. പരമാവധി 2 ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത കമ്മീഷൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) | അർഹതയുള്ള കർഷകൻ കടാശ്വാസത്തിനായി നിർദ്ദിഷ്ട ഫോറത്തിൽ അനുബന്ധ രേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്, വില്ലേജ് ഓഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ, തൊഴിൽ കൃഷിയാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ അസ്സൽ സർട്ടിഫിക്കറ്റ്, കൃഷി ഭൂമിയുടെ കരം തീർത്ത രസീതിന്റെ പകർപ്പ്, പാട്ടക്കരാർ പകർപ്പ്, വായ്പ സംബന്ധിച്ച ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്. |
| (സി) | കർഷക കടാശ്വാസ കമ്മീഷനിൽ നിരവധി അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോവിഡ്-19 മഹാമാരിമൂലം ഏറെക്കാലം സിറ്റിംഗ് നടത്താൻ കഴിയാതെ വന്നിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07.01.2022ൽ ഈ സർക്കാർ അനുമതി നൽകി. ടി 33526 അപേക്ഷകൾ കൂടി പരിഗണിക്കേണ്ടി |

| | | | |
|---|---|---|---|
| | | | വന്നതാണ് അപേക്ഷകളുടെ എണ്ണം കൂടാൻ കാരണം. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ എന്നിവ ഒഴികെ ബാക്കി 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ 31.03.2020വരെ 6,27,930 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31.01.2023 വരെ 5,52,149 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ഇനി തീർപ്പാക്കുവാനായി അവശേഷിക്കുന്നത് 75,781 അപേക്ഷകളാണ്.<br><br>ഇടുക്കി ജില്ലയിലെ 56258 അപേക്ഷകളും, കണ്ണൂർ ജില്ലയിലെ 1530 അപേക്ഷകളും, വയനാട് ജില്ലയിലെ 17993 അപേക്ഷകളും ചേർത്ത് ആകെ 75,781 അപേക്ഷകൾ തീർപ്പാക്കുന്നതിലേക്കായി സിറ്റിംഗുകൾ ഊർജ്ജിതമായി നടത്തി വരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ച് കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | കോവിഡ്-19 മഹാമാരിമൂലം ഏറെക്കാലം സിറ്റിംഗ് നടത്താൻ കഴിയാതെ വന്നിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07.01.2022ൽ ഈ സർക്കാർ അനുമതി നൽകി. ടി 33526 അപേക്ഷകൾ കൂടി പരിഗണിക്കേണ്ടി വന്നതാണ് അപേക്ഷകളുടെ എണ്ണം കൂടാൻ കാരണം. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവു വരുത്തിയശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ എന്നിവ ഒഴികെ ബാക്കി 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ 31.03.2020വരെ 6,27,930 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31.01.2023 വരെ 5,52,149 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ഇനി തീർപ്പാക്കുവാനായി അവശേഷിക്കുന്നത് 75,781 അപേക്ഷകളാണ്.<br><br>ഇടുക്കി ജില്ലയിലെ 56258 അപേക്ഷകളും, കണ്ണൂർ ജില്ലയിലെ 1530 അപേക്ഷകളും, വയനാട് ജില്ലയിലെ 17993 അപേക്ഷകളും ചേർത്ത് ആകെ 75,781 അപേക്ഷകൾ തീർപ്പാക്കുന്നതിലേക്കായി സിറ്റിംഗുകൾ ഊർജ്ജിതമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ